# "സുരയ്യ" ഉയർത്തുന്ന ചോദ്യങ്ങൾ

ബിന്ദു കെ.സി.

മലയാളികൾ അവസാനം മാധവിക്കുട്ടിയെ അംഗീകരിക്കാൻ തുടങ്ങിയതായിരുന്നു. 'എന്റെ കഥയുടെ' ശ്രുതകാലം മെല്ലെ നമ്മൾ കലവറകളിലും, തട്ടിൻപുറത്തും അടിച്ചുകൂട്ടി ഇരിക്കുകയായിരുന്നു. ഈയടുത്തകാലത്തായി അവർ അണിയാൻ ഇഷ്ടപ്പെട്ട അമ്മറോളും, വിധവാറോളും നമുക്ക് സമാധാനം പകർന്നു. അങ്ങനെ അവസാനം അവർ അടങ്ങി. എല്ലാവരും ഒരു ദീർഘനിശ്വാസത്തോടെ തീരുമാനിച്ചു. പൊഖ്റാനിലെ ബോംബ് പൊട്ടിയപ്പോൾ മനുഷ്യസ്നേഹത്തിന്റെ പാട്ടുകാരി പായസവിതരണം നടത്തിയതും മറ്റും ആർക്കും ഒരു കല്ലുകടിയും ഉണ്ടാക്കിയിട്ടില്ല. "അതങ്ങനെത്തന്നെയാണല്ലോ വേണ്ടത്" എന്ന മധ്യവർഗ്ഗന്യായത്തോടെ നമ്മൾ സദാ മലയാളികൾ ജീവിച്ചുപോന്നു.

എന്നാൽ പർദ്ദയണിഞ്ഞ സുരയ്യ മലയാളിയെ പിടിച്ചുകുലുക്കിയിരിക്കുന്നു. ടി.വിയിൽ പ്രത്യക്ഷപ്പെട്ട് ഗുരുവായൂരപ്പൻ തന്റെ മനസ്സിൽ മുഹമ്മദായി മാറിയിരിക്കുന്നു എന്നും മറ്റും പറയുന്ന എഴുത്തുകാരിയെ കേരളം മുഴുവൻ ശ്രദ്ധിക്കുന്നു. "ഇവർക്ക്" പഴയ അസുഖം വീണ്ടും തുടങ്ങിയോ?" എന്നും മറ്റും തമാശ പറയാൻ ശ്രമിക്കുന്നതിനിടയിലും മറച്ചുവയ്ക്കാൻ കഴിയാത്ത ഒരു അസ്വസ്ഥത ശ്രദ്ധിച്ചാൽ കേൾക്കാം "ഇങ്ങനെയല്ലല്ലോ വേണ്ടത്?" എന്ന മറുചോദ്യവും.

ഇതേ വികാരം അസ്വസ്ഥത മറച്ചുവയ്ക്കുന്നുള്ള ഹാസ്യപ്രകടനത്തോടെ തന്നെയാണ് മാധ്യമങ്ങളും മാധവിക്കുട്ടിയുടെ മതം മാറ്റം കൈകാര്യം ചെയ്തത്. "ഈ ലക്കത്തിലെ പുതിയ തമാശ"ക്കിടയിലും സുരയ്യ ഉയർത്തുന്ന ചോദ്യങ്ങൾ ഗൗരവമേറിയതാണ് എന്ന് മാത്രമല്ല, മുഴുവൻ അർത്ഥം ഇഴപിരിക്കാൻ കഴിയാത്ത ആ പ്രവൃത്തി കേരളത്തിലെ രണ്ട് വിഭാഗങ്ങൾക്ക് സ്ത്രീകൾക്കും, മുസ്ലീം സമുദായത്തിനും - വളരെയധികം പ്രാധാന്യമുള്ളതുമാണ്.

പെട്ടെന്ന് നോക്കിയാൽ തന്നെ മാധവിക്കുട്ടിയുടെ മതംമാറ്റത്തിൽ പല ഘടകങ്ങളും വേർതിരിച്ചെടുക്കാൻ കഴിയും.

1. ഹിന്ദുമതത്തിൽ നിന്ന് ഒരു സ്ത്രീയുടെ പ്രത്യേകിച്ച് ഒരു സവർണസ്ത്രീയുടെ മതംമാറ്റം. അതും പിൻതിരിപ്പൻ എന്ന് മറ്റുള്ളവർ വിശേഷിപ്പിക്കുന്ന ഇസ്ലാം മതത്തിലേക്ക്.
2. മതംമാറ്റത്തിനു പിന്നിൽ ഉണ്ടെന്ന് സുരയ്യ സമ്മതിച്ച പ്രണയം.
3. ഇതുവരെയും നേരിട്ട് പ്രത്യക്ഷപ്പെടാത്ത മുസ്ലിം കാമുകൻ.

ഇത്രയും ഘടകങ്ങൾ ചേർത്താണ് മാധവിക്കുട്ടിയിൽ നിന്നും സുരയ്യയിലേക്കുള്ള ദൂരം അളക്കേണ്ടത്. ഈ ഘടകങ്ങളെല്ലാം കൂടി വരുമ്പോൾ നേരത്തെ പറഞ്ഞ വിഭാഗങ്ങൾക്ക് - സ്ത്രീകൾക്കും, മുസ്ലിം സമുദായത്തിനും സുരയ്യ തൊടുത്തുവിടുന്ന അടയാളങ്ങൾ എത്ര ഗൗരവമേറിയതാണെങ്കിലും പരസ്പര വിരുദ്ധങ്ങൾ കൂടിയാണ്, അതുകൊണ്ട് തന്നെയാണ് അവരെ പെട്ടെന്ന് ചിരിച്ച് തള്ളാൻ കഴിയുന്നതും.

കേരളത്തിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം എന്താണ് ഈ മതംമാറ്റം ഉൾക്കൊള്ളുന്ന അർത്ഥങ്ങൾ? സമൂഹത്തിന്റെ ലൈംഗികസദാചാരാനുഷ്ഠാനങ്ങളിൽ കുടുങ്ങിക്കിടക്കുന്നതാണ് മലയാളിപ്പെണ്ണിന്റെ ജീവിതം. വിധവകളും, പ്രായംചെന്നവരുമായ സ്ത്രീകൾക്ക് ലൈംഗികത നിഷേധിച്ചുകൊണ്ടാണ് സമൂഹം അവരെ വരുതിയിൽ നിർത്തുന്നത്. ഈ നിയമത്തിനെതിരെയുള്ള ഒരു ശബ്ദം തന്നെയാണ് സുരയ്യയുടെ പ്രണയപ്രസ്താവന. "Life is so beautiful" എന്ന് ടി.വി.യിൽ വന്ന് പറയുന്ന അറുപത് തികഞ്ഞ മാധവിക്കുട്ടി തീർച്ചയായും ധൈര്യവതി തന്നെ. സമൂഹം കൽപ്പിച്ചുനൽകിയ അമ്മറോളും, വിധവയുടെ റോളും നിരാകരിച്ചാണല്ലോ അവർ പ്രണയിക്കുന്നതും പ്രണയിക്കുന്നു എന്നു വിളിച്ചു പറയുന്നതും. ഇത്തരത്തിൽ അവർ മലയാളിസ്ത്രീയെ സംബന്ധിച്ച് തീർച്ചയായും പ്രതീക്ഷയുളവാക്കുന്ന ഒരു മോഡൽ ആണ്.

എന്നാൽ, ഇതിനോടൊപ്പം സുരയ്യ മലയാളി സ്ത്രീയോട് ഇതേ പ്രവർത്തികൊണ്ട് മറ്റൊരു അടയാളം കൂടി കൊടുക്കുന്നു. പുരുഷനില്ലാത്ത ജീവിതം അർത്ഥശൂന്യമാണെന്നതാണ് ഈ അടയാളം. തനിക്ക് ജീവിക്കണമെങ്കിൽ പ്രണയം കൂടിയേ കഴിയൂ. ജീവിതത്തിന്റെ സൗന്ദര്യം സ്ത്രീപുരുഷപ്രണയം മാത്രമാണ്. ഇത്യാദി ചില സൂചനകൾ കൂടി സുരയ്യയുടെ ജനനത്തിൽ ഉണ്ട്. ഒറ്റക്ക് നിൽക്കാനോ, മറ്റ് സ്ത്രീകളിലൂടെ ശക്തി സംഭരിക്കാനോ കഴിയാത്ത വിധമാണ് കേരളത്തിലെ അധിക സ്ത്രീകളുടേയും അവസ്ഥ. മാധവിക്കുട്ടി ആ സാഹചര്യത്തിന്റെ മറ്റൊരു ഉദാഹരണം കൂടി ആവുന്നു. പ്രണയത്തിൽ മാത്രം അർത്ഥം കാണാനും പുരുഷനെ മാത്രം രക്ഷകനാക്കാനും തുനിയുന്നത് വഴി മലയാളി സ്ത്രീകൾക്ക് അവർ തീർത്തും പിന്തിരിപ്പൻ ആയ ഒരു വഴികാട്ടിയാവുന്നു. അങ്ങനെ ഒരേ സമയം, ഒരേ പ്രവൃത്തികൊണ്ട് തീർത്തും പരസ്പര വിരുദ്ധമായ സൂചനകൾ സുരയ്യ കേരളത്തിലെ സ്ത്രീകൾക്ക് കൊടുക്കുന്നു.

എന്ന് മാത്രമല്ല പുരുഷന്റെ മതത്തിലേക്ക്, അവന്റെ ജോലിസ്ഥലത്തേക്കും, കുടുംബത്തിലേക്കും, ജീവിതരീതിയിലേക്കും എന്നപോലെതന്നെ, സ്ത്രീ മാറുന്നത് വളരെ വളരെ സാധാരണമാണല്ലോ? മതംമാറ്റം ഔദ്യോഗികമായി അംഗീകരിക്കാത്ത ഹിന്ദുമതത്തിലേക്ക് (ഹിന്ദു പുരുഷനെ വിവാഹം കഴിച്ച് മറ്റ് മതങ്ങളിലെ സ്ത്രീകൾ താലി അണിഞ്ഞും, അവരുടെ കൂടെ കുട്ടികൾക്ക് അച്ഛന്റെ മതത്തി

(ശേഷം 5-ാം പേജിൽ)

# സുരയ്യ ഉയർത്തുന്ന ചോദ്യങ്ങൾ

(1-ാം പേജ് തുടർച്ച)

[illegible] ഹിന്ദുപേരുകൾ കൊടുത്തും ഒക്കെ മതംമാറ്റം നടത്തുന്നു. ഇനി മുതൽ "എന്റെ വ്യക്തിത്വം നിനക്ക്", "എന്റെ ജീവിതം നിനക്ക്" എന്ന് സ്ത്രീ പുരുഷാധിപത്യ സമൂഹത്തിൽ വിവാഹത്തിന് ശേഷം പറയാൻ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. മതംമാറ്റം അനുവദിക്കുന്ന ക്രിസ്ത്യൻ, മുസ്ലീം മതങ്ങളിലേക്ക് മറ്റ് മതങ്ങളിലെ സ്ത്രീകൾ വിവാഹശേഷം മാറുന്നത് വളരെ സാധാരണമാണ്. ഇതിന്റെയെല്ലാം പിന്നിൽ പുരുഷാധിപത്യത്തിന്റെ യുക്തി തന്നെയാണ് ഉള്ളതും.

എന്നാൽ സുരയ്യയുടെ കാര്യത്തിൽ ഉള്ള പ്രത്യേകത ഇതുവരെ പ്രത്യക്ഷപ്പെടാത്ത കാമുകനാണ്. അവരുടെ കഥകളിലെ ഒരു കഥാപാത്രം പോലെ, പ്രണയം ഒരു മാനസികവ്യാപാരമായിരിക്കുമോ മാധവിക്കുട്ടിക്ക്? അതിനുവേണ്ടി അവർ മതംമാറാൻ തയ്യാറായി എന്നാണോ? കാമുകൻ നേരിട്ട് പ്രത്യക്ഷപ്പെടാത്തിടത്തോളം അവരുടെ മതംമാറ്റം അവരുടെ മാത്രം വ്യക്തിപരമായ ഒരു പ്രവൃത്തി ആവുകയും ചെയ്യുന്നു.

കേരളത്തിലെ സ്ത്രീകൾക്ക് മാത്രമല്ല, ഇവിടുത്തെ മുസ്ലീം സമുദായത്തിനും മാധവിക്കുട്ടിയുടെ മതംമാറ്റം പല പരസ്പര വിരുദ്ധമായ സൂചനകളും കൊടുക്കുന്നു. സ്ത്രീവിരുദ്ധത എന്ന ചീത്തപ്പേര് ഏറ്റവും കൂടുതൽ അനുഭവിക്കുന്ന ഒരു മതമാണ് ഇന്ന് ഇസ്ലാം. പർദ്ദ എന്ന മദ്ധ്യേഷ്യൻ വസ്ത്രധാരണം തൊട്ട് നാല് ഭാര്യമാരെ അനുവദിക്കുന്ന നിയമങ്ങൾ വരെ ഈ മതത്തിന്റെ സ്ത്രീവിരുദ്ധതയുടെ ഉദാഹരണങ്ങളായി ഉയർത്തിക്കാണിക്കാറുണ്ട്. ശരിയാണ്. ഇസ്ലാം സ്ത്രീവിരുദ്ധമായ പല നിയമങ്ങളും ഉള്ള മതം തന്നെ. എന്നാൽ, ഏത് മതമാണ് അങ്ങനെയല്ലാത്തത്. മതത്തിനുള്ളിലെ പ്രശ്നങ്ങൾക്കെതിരെ പ്രതികരിക്കുന്ന മുസ്ലീം സ്ത്രീകളുടെ സമരങ്ങളിൽ തീർച്ചയായും എല്ലാവരും കൂടെ നിൽക്കേണ്ടതാണ്. എന്നാൽ, ഒരു മതത്തിനെ മാത്രം സ്ത്രീവിരുദ്ധം എന്ന് വിളിക്കുമ്പോൾ, പണ്ട് ഇന്ത്യക്കാർ ഭരിക്കപ്പെടേണ്ടവരാണെന്ന് നമ്മളെത്തന്നെ ബോധ്യപ്പെടുത്താൻ ബ്രിട്ടീഷുകാർ ഹിന്ദുക്കളുടെ ഇടയിലുള്ള അനാചാരങ്ങളെ മാത്രം എടുത്തു പൊക്കിയപോലാവും. അതിൽ എത്ര സത്യം ഉണ്ടെങ്കിലും, അതിനു പിന്നിൽ അടിച്ചമർത്താനുള്ള ത്വര തന്നെയാണ് ഉള്ളത്. ഇന്ന് മുസ്ലീം മതം പാശ്ചാത്യരുടെ അടുത്തുനിന്നും ഇവിടുത്തെ മതനിരപേക്ഷ എന്ന പേരിൽ പ്രചരിക്കുന്ന ഹൈന്ദവത്വത്തിൽ നിന്നും നിരന്തരം ഇതേ അടിയാണ് കൊള്ളുന്നത്. അതിന്റെ ഫലം പലപ്പോഴും മുസ്ലീം സ്ത്രീ ആണ് കൊടുക്കേണ്ടിവരുന്നത് എന്ന ദുഃഖസത്യം ഇരിക്കെത്തന്നെ മുസ്ലീം സമുദായം ഒന്നിച്ച് അനുഭവിക്കുന്ന ഈ പീഡനങ്ങൾ ഇല്ലാതാകുന്നില്ല.

മാധവിക്കുട്ടിക്ക് ഇസ്ലാമിനെതിരെയുള്ള ഇത്തരം കപ്രചരണങ്ങൾക്കെതിരെ ഒരു വാക്ക് പോലും ഉച്ചരിക്കേണ്ട ആവശ്യം തോന്നിയിട്ടില്ല. എല്ലാ മതങ്ങളും പു



രുഷാധിപത്യ മൂല്യങ്ങൾ ഉള്ളവയാണെന്നും ഇസ്ലാമിനെ മറ്റ് മതങ്ങളേക്കാൾ കൂടുതൽ വികൃതമായി അവതരിപ്പിക്കുന്നതിൽ പാശ്ചാത്യ രാഷ്ട്രങ്ങളും ഇവിടുത്തെ ഹൈന്ദവ വർഗ്ഗീയതയും ഒരേപോലെ ഉത്തരവാദികളാണെന്നും മനസ്സിലാക്കുന്നതിന് പകരം സുരയ്യ പറയുന്നത് ഇപ്രകാരമാണ്. "സ്വാതന്ത്ര്യം കൊണ്ട് എനിക്ക് മടുത്തു. എനിക്കാവശ്യം ഇനി അടിമത്തമാണ്. അതിന്റെ സുരക്ഷിതത്വമാണ്". ഇസ്ലാം സ്ത്രീകളെ സംബന്ധിച്ച് അടിമത്തത്തിന്റെ മതമാണെന്ന് ഇസ്ലാമിലേക്ക് തിരിഞ്ഞ മാധവിക്കുട്ടിക്കും സംശയമില്ല. 'നിസ' എന്ന മുസ്ലീം സ്ത്രീ സംഘടനമാധവിക്കുട്ടിയുടെ മതംമാറ്റത്തെ നിരുത്തരവാദപരമായി കാണാൻ ശ്രമിച്ചു ഈ അവസരത്തിൽ ചിന്തിക്കേണ്ട വിഷയമാണ്.

എങ്കിലും മ അദ്നി കമ്പിസന്ദേശം അയച്ചിരിക്കുന്നു - മാധവിക്കുട്ടിയെ അനുമോദിച്ചുകൊണ്ട്. മുസ്ലീം സത്വ രാഷ്ട്രീയത്തിൽ വിശ്വസിക്കുന്ന മഅ്ദനിയെ ഇതിന് പ്രേരിപ്പിച്ചത് എന്താകാം? മാധവിക്കുട്ടിയുടെ പ്രവർത്തിക്ക്, അവർ എത്ര തന്നെ വേണ്ടെന്ന് വച്ചാലും ഇന്നത്തെ ഇന്ത്യയിൽ രാഷ്ട്രീയമാനങ്ങൾ ഉണ്ട് എന്നത് തന്നെ കാരണം. ഇന്ന് ഒരു സവർണ സ്ത്രീ മുസ്ലീം ആവുക എന്നത് ഇത്തരം ഒരു പ്രവർത്തി തന്നെയാണ്. ഗുരുവായൂരപ്പനെ പുച്ഛിച്ചു എന്ന് പറഞ്ഞ് ഒരു ഹൈന്ദവഭക്തൻ അവർക്കെതിരെ കേസ് കൊടുത്തതും ഈ പ്രവർത്തിയുടെ രാഷ്ട്രീയ മാനങ്ങളോട് പ്രതികരിച്ച് തന്നെയാവും.

ഇന്നത്തെ ഇന്ത്യയിൽ ഇസ്ലാം മതത്തെ അധികപേരും കരുണയുടെ മതമായി കാണാൻ വിസമ്മതിക്കുമ്പോൾ, അള്ള എന്ന ദൈവത്തെ ജിഹാദുമായി മാത്രം ബന്ധപ്പെടുത്തുമ്പോൾ, ഇസ്ലാമിനെ സ്നേഹത്തിന്റെ മതമായി വീണ്ടും പരിചയപ്പെടുത്താൻ തുനിഞ്ഞ 'സുരയ്യ' തീർച്ചയായും ശ്രദ്ധിക്കപ്പെടേണ്ട കാര്യം തന്നെ.